പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 252 | 25.04.2017 ൽ മറുപടി<br>നല്കേണ്ടത് |
|---|---|

**മത്സ്യം സൂക്ഷിക്കുന്നതിന് രാസവസ്തുക്കളുടെ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോ എബ്രഹാം** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത് പരിശോധിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായ സംവിധാനം നിലവിലുണ്ടോ എന്നും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ? | ബി) | ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന വാർത്തയും ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി സർക്കാർ 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഒരു കർമ്മ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതു പ്രകാരം മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് അവബോധന ക്ലാസ്സുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയുണ്ടായി, ഇതുകൂടാതെ മത്സ്യം, ഐസ് എന്നിവയുടെ 420 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ചു പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയിൽ ചില സാമ്പിളുകളിൽ സോഡിയം ബെൻസൊയെറ്റ്, ഫോർമാലിൻ തുടങ്ങിയവയുടെ സാന്നിദ്ധ്യം കണ്ടെത്തുകയുണ്ടായി. തുടർന്ന് മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ